# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6776 — 04.04.2018 -ൽ മറുപടിക്ക്

## ഫ്രണ്ട് ഓഫീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. നൗഷാദ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ സന്ദർശകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്നകാര്യം പരിഗണിച്ച് വരുന്നു. |
| (ബി) ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമ്പോൾ വില്ലേജ് ഓഫീസുകളിൽ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടിവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ നിലവിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ യോഗ്യതയുള്ള സീനിയർമാരായ 50% വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റുമാരായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. (File No.T2/278/2017/Rev) |
| (സി) വില്ലേജാഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോട്ടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി ആധുനിക സംവിധാനങ്ങളോട്ടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് ഇ-ഗവേണൻസിന്റെ സഹായത്തോട്ടു കൂടി വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ